**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5961** **04.11.2016-ൽ മറുപടിക്ക്**

**പുനർവിന്യാസം ചെയ്ത അദ്ധ്യാപകരുടെ എണ്ണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) പാലക്കാട്, തിരുവനന്തപുരം തുടങ്ങിയ ജില്ലകളിൽ എയ്ഡഡ് സ്കൂളിൽ നിന്ന് സർക്കാർ സ്കൂളുകളിലേക്ക് പുനർവിന്യാസം ചെയ്ത എച്ച്. എസ്.എ. ഇംഗ്ലീഷ്, മലയാളം, ഹിന്ദി അദ്ധ്യാപകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇങ്ങനെ പുനർവിന്യാസം ചെയ്യപ്പെട്ടവർക്ക് എത്ര നാളാണ് സർക്കാർ സ്കൂളുകളിൽ തുടരാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ;

(എ) എയ്ഡഡ് സ്കൂളിൽ നിന്നുള്ള സംരക്ഷിതാധ്യാപകരെ സർക്കാർ സ്കൂളുകളിൽ പി.എസ്.സി. വഴി നിയമനം നടത്തേണ്ട ഒഴിവുകളിൽ സ്ഥിരമായി നിയമിക്കുക എന്നത് സർക്കാർ നയമല്ല. നിലവിൽ പി.എസ്.സി ലിസ്റ്റില്ലാത്ത വിഷയങ്ങളിൽ പി.എസ്.സി വഴി നിയമനം നടക്കുന്നതുവരെ താൽക്കാലികമായി സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് തികച്ചു താൽക്കാലികമായ നടപടി മാത്രമാണ്.

പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ സർക്കാർ സ്കൂളിൽ പുനർവിന്യസിച്ചിട്ടുള്ള ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്), ഹൈസ്കൂൾ അസിസ്റ്റന്റ്(മലയാളം), ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) അദ്ധ്യാപകരുടെ എണ്ണം താഴെച്ചേർക്കുന്നു.

| ജില്ല | ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) | ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) | ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) |
|---|---|---|---|
| പാലക്കാട് | 5 | 8 | 15 |
| തിരുവനന്തപുരം | 11 | 11 | -- |

പി.എസ്.സി വഴി നിയമനം നേടുന്ന ഉദ്യോഗാർത്ഥി എത്തുന്നതുവരെ മാത്രമേ ഇവർക്ക് സർക്കാർ സ്കൂളിൽ തുടരാൻ അനുവാദമുള്ളു.

(ബി) ഇങ്ങനെ പുനർവിന്യസിപ്പിക്കുന്നതു കാരണം പി.എസ്.സി. ടെസ്റ്റ് എഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അവസരം നഷ്ടമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ പുനർവിന്യസിക്കുന്നതുമൂലം പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ളവരുടെ അവസരം നഷ്ടമാകുന്ന പ്രശ്നമേയില്ല. ഇവരെ സർക്കാർ സ്കൂളിൽ പുനർവിന്യസിച്ചിരിക്കുന്നത് സ്ഥിരമായല്ല; താൽക്കാലികമായാണ്. പി.എസ്.സി വഴി

നിയമനം നേടുന്നയാൾ വരുമ്പോൾ സംരക്ഷിതാധ്യാപകൻ റിലീവ് ചെയ്യപ്പെടും. ഇവർ തുടരുന്നതുകൊണ്ട് ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും തടസ്സമില്ല.

(സി) എച്ച്. എസ്.എ. ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നിവയുടെ ഒഴിവുകൾ ഡി.ഡി.ഇ ആഫീസുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്), ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം), ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) തസ്തികകളിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ഈ ജില്ലയിൽ ഈ വിഷയങ്ങളിൽ പി.എസ്.സി ലിസ്റ്റ് നിലവിലില്ല. മുഴുവൻ ഒഴിവുകളും ഉടൻ റിപ്പോർട്ട് ചെയ്യാൻ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) 4 ഒഴിവും ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) 10 ഒഴിവും ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) ബൈട്രാൻസ്ഫർ നിയമനത്തിന് 3 ഒഴിവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഫിക്സേഷൻ കഴിഞ്ഞിട്ടുള്ള എച്ച്. എസ്.എ. ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ അദ്ധ്യാപക തസ്തികയിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) 2016-17 അദ്ധ്യയന വർഷത്തേക്ക് തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

(ഡി) യും (ഇ) യും 05.08.2016-ലെ ജി.ഒ(പി) നമ്പർ 134/2016/പൊ.വി.വ പ്രകാരം 2015-16-ലെ തസ്തിക നിർണയം 2016-17 ലും തുടരാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. 2016-2017-ൽ തസ്തിക നിർണയം നടത്തിയിട്ടില്ല. പക്ഷേ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനെ ചോദ്യം ചെയ്ത് മാനേജർമാർ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷനുകളിൽ അന്തിമ തീർപ്പായിട്ടില്ല.

സെക്ഷൻ ഓഫീസർ